**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് വലിയ വാഹനങ്ങളിൽ കരിങ്കല്ല് കൊണ്ടുവരുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണം വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം നിലവിൽ മദ്രാസ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തമിഴ്നാട്ടിൽ നിന്നും തടസ്സരഹിതമായി കരിങ്കല്ല് ലഭിക്കുന്നുണ്ട്. |
| (ബി) | ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി എത്ര മെട്രിക് ടൺ കല്ല് വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 69 ലക്ഷം മെട്രിക് ടൺ കരിങ്കല്ല് വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ, കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിലുണ്ടായ കാലതാമസമാണ് സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ചും പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ ക്വാറികൾ സ്ഥാപിച്ചും വിവിധ സർക്കാർ ഏജൻസികളെ ഏകോപിച്ചും ആവശ്യത്തിന് കല്ല് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി, സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകത്തക്ക വിധത്തിൽ പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതി നാണ് ശ്രമിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ